**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.104 20.01.2014-ൽ മറുപടിക്ക്**

## ബൈപ്പാസുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ. ടി. ജോർജ്ജ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| **(എ) സംസ്ഥാനത്തെ ബൈപ്പാസുകളുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? വിശദമാക്കുമോ.** | സംസ്ഥാനത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട ബൈപ്പാസുകൾ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം ബൈപ്പാസ്<br>2. ആറ്റിങ്ങൽ ബൈപ്പാസ്<br>3. കൊല്ലം ബൈപ്പാസ്<br>4. ആലപ്പുഴ ബൈപ്പാസ്<br>5. തൃപ്പൂണിത്തുറ ബൈപ്പാസ്<br>6. കൊടുങ്ങല്ലൂർ ബൈപ്പാസ്<br>7. കോഴിക്കോട് ബൈപ്പാസ്<br>8. തലശ്ശേരി - മാഹി ബൈപ്പാസ്<br>9. കണ്ണൂർ ബൈപ്പാസ്<br>10. മണ്ണൂത്തി - അമലനഗർ ബൈപ്പാസ്<br>11. ചൗക്കി - ഒയാത്തടുക്ക - വിദ്യാനഗർ ബൈപ്പാസ്<br>12. തിരുവല്ല ബൈപ്പാസ്<br>13. തൊടുപുഴ ബൈപ്പാസ്<br><br>1. <u>തിരുവനന്തപുരം ബൈപ്പാസ്</u><br><br>തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി. മീറ്ററിന്റെ നാലുവരിപ്പാതയായുള്ള പൂർത്തീകരണം എൻ.എച്ച്.എ.ഐ., സ്റ്റാൻഡ് എലോൺ പ്രോജക്ടായി ഏറ്റെ |

ടുത്ത് ചെയ്യുവാനുള്ള ടെൻഡർ നടപടിയിൽ ആർ.എഫ്.ക്യൂ. പൂർത്തീകരിച്ചു ബാക്കിയുള്ള മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള 16.50 കി. മീറ്ററിന്റെ സ്ഥലമെടുപ്പിനുള്ള 3ഡി നോട്ടിഫിക്കേഷൻ കേന്ദ്ര സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

2. ആറ്റിങ്ങൽ ബൈപ്പാസ്

ദേശീയപാത വികസന പദ്ധതിയുടെ ഫേസ് III (A) BOT പ്രോജക്ടിൽ ഉൾപ്പെടുത്തി നിലവിലുള്ള ദേശീയപാത 47 ന്റെ ഓച്ചിറ മുതൽ തിരുവനന്തപുരം വരെയുള്ള (കി.മീ.465/000 മുതൽ 551/900) ഭാഗം 45 മീറ്റർ വീതിയിൽ 4/6 വരിയായി വികസിപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ദേശീയപാത വികസന അതോറിറ്റി (എൻ.എച്ച്.എ.ഐ.) ഏറ്റെടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ പാക്കേജിൽ 10.90 കി. മീറ്റർ നീളം (പുതുക്കിയ അലൈൻമെന്റ് പ്രകാരം) വരുന്ന ആറ്റിങ്ങൽ ബൈപ്പാസിന്റെ നിർമ്മാണവും ഉൾപ്പെടുന്നു. പ്രസ്തുത ബൈപ്പാസ് നിലവിലുള്ള ദേശീയ പാത 47-ൽ മണമ്പൂരിൽ (കി. മീ.523/500) നിന്നും വേർപിരിഞ്ഞ് മാമം (കി. മീ.534/400) അവസാനിക്കുന്നു. ഈ ബൈപ്പാസിനു വേണ്ടി 45 മീറ്റർ വീതിയിൽ (49.5 ഹെക്ടർ) സ്ഥലം ആവശ്യമാണ്. അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. എൻ.എച്ച്. ആക്ട് 1956 പ്രകാരം സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായ 3A(1) നോട്ടിഫിക്കേഷൻ ഭാരത സർക്കാരിന്റെ 27.03.2012-ലെ ഗസറ്റിൽ പ്രസിദ്ധീ

കരിച്ചിട്ടുണ്ട്. എന്നാൽ മണമ്പൂർ വില്ലേജിലൊഴികെ മറ്റു സ്ഥലങ്ങളിൽ 3D സർവ്വേ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായ ശേഷം ആറ്റിങ്ങൽ ബൈപ്പാസ് ഒരു പ്രത്യേക പദ്ധതിയായി (സ്റ്റാന്റ് എലോൺ പ്രോജക്ട്) പരിഗണിക്കുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കാൻ എൻ.എച്ച്.എ.ഐ.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. <u>കൊല്ലം ബൈപ്പാസ്</u>

ദേശീയപാത 47-ലെ കാവനാട് (കി.മീ.486/500) തുടങ്ങി മേവറം (കി.മീ.499/500) വരെയുള്ള 13 കി.മീറ്റർ വരുന്ന ബൈപ്പാസിന്റെ 45 മീറ്റർ വീതിയിലുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. ബൈപ്പാസിന്റെ നിർമ്മാണം എൻ.എച്ച്.എ.ഐ.യുടെ എൻ.എച്ച്.ഡി.പി. ഫേസ് III പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ എൻ.എച്ച്.ഡി.പി. ഫേസ് III ൽ ഉൾപ്പെട്ട മറ്റു പ്രദേശങ്ങളിലെ സ്ഥലമെടുപ്പ് മന്ദഗതിയിലായതിനാൽ, നിലവിൽ കൊല്ലം പട്ടണത്തിലുള്ള ഗതാഗത കുരുക്കിന് പരിഹാരമായി ഈ ബൈപ്പാസ് 2 വരിപ്പാതയിൽ (മൂന്ന് പാലങ്ങളോടു കൂടി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതത്തോടെ നിർമ്മിക്കുവാൻ തീരുമാനിക്കുകയും 17.01.2014-ൽ ഒപ്പുവച്ച ഫിനാൻഷ്യൽ പാർട്ടിസിപ്പേഷൻ എഗ്രിമെന്റ് പ്രകാരം 50:50 വ്യവസ്ഥയിൽ കേന്ദ്രവും സംസ്ഥാനവും ചെലവ് വഹിക്കുന്നതാണ്. ഈ പ്രവൃത്തിക്ക് 267.16 കോടി രൂപക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 21.01.2014-ൽ

ഇതിന്റെ ഫിനാഷ്യൽ ബിഡ് (ആർ.എഫ്.പി.) തുറക്കുന്നതായിരിക്കും. ഈ ബൈപ്പാസിന്റെ പണി SPEEID കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. ആലപ്പുഴ ബൈപ്പാസ്

ദേശീയപാത 47–ൽ കൊമ്മാടി (കി.മീ.408/100) മുതൽ കളർകോട് (കി.മീ.414/900) വരെയുള്ള 6.80 കി. മീ. വരുന്ന ബൈപ്പാസിനുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ ബൈപ്പാസിന്റെ നിർമ്മാണം എൻ.എച്ച്.ഡി.പി. യുടെ മറ്റ് പ്രദേശങ്ങളിലെ സ്ഥലമെടുപ്പ് താമസിക്കുന്നതിനാൽ എൻ.എച്ച്.എ.ഐ. ക്ക് ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 2 വരിപ്പാതയിൽ ബൈപ്പാസ് ഉടൻ കേന്ദ്ര സംസ്ഥാന തുല്യ വിഹിതത്തിൽ നിർമ്മിക്കുവാൻ തീരുമാനിക്കുകയും 17.01.2014–ൽ ഒപ്പുവച്ച ഫിനാൻഷ്യൽ പാർട്ടിസിപ്പേഷൻ എഗ്രിമെന്റ് പ്രകാരം 50:50 വ്യവസ്ഥയിൽ കേന്ദ്രവും സംസ്ഥാനവും ചെലവ് വഹിക്കുന്നതാണ്. ഈ ബൈപ്പാസിന്റെ പണിയും SPEEID കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി സംസ്ഥാന സർക്കാർ 255.75 കോടിക്കുള്ള ഭരണാനുമതി നൽകി. ഫിനാൻഷ്യൽ ബിഡ്ഡുകൾ (ആർ.എഫ്.പി.) 21.01.2014 നു തുറക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

5. തൃപ്പൂണിത്തുറ ബൈപ്പാസ്

ദേശീയപാത 49–ൽ മറ്റക്കുഴി മുതൽ കണ്ടന്നൂർ വരെയുള്ള 8.8 കി. മീ. ദൈർഘ്യമുള്ള അലൈൻമെന്റ് അംഗീകരിച്ച്

.സ്ഥലമെടുപ്പ് നടത്തിയിട്ടുണ്ട്. സ്ഥലമെടുപ്പിനു വേണ്ടി 130.6 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. ശേഷിക്കുന്ന 5.05 കി. മീ. നീളം റോഡിന്റെ അലൈൻമെന്റ് കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അലൈൻമെന്റിൻെറയും പുതുക്കിയ എസ്റ്റിമേറ്റിന്റെയും അംഗീകാരം ഉടൻ പ്രതീക്ഷിക്കുന്നു. ഈ ബൈപ്പാസ് SPEEID കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. <u>കൊടുങ്ങല്ലൂർ ബൈപ്പാസ്</u>

3.58 കി മീ. നീളം വരുന്ന കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ, ജംഗ്ഷനുകളിലെ സിഗ്നലുകൾ ഒഴിച്ചുള്ള, പ്രവൃത്തികൾ പൂർത്തീകരിച്ചു. സിഗ്നലുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഉടനെ ഈ ബൈപ്പാസ് ഗതാഗതത്തിനായി തുറന്നു കൊടുക്കുന്നതാണ്.

7. <u>കോഴിക്കോട് ബൈപ്പാസ്</u>

ദേശീയപാത 17-ൽ വെങ്ങളം മുതൽ ഇടിമുഴിക്കൽ വരെയുള്ള 28.12 കി. മീ. ലാണ് ഈ ബൈപ്പാസ്. ഇതിൽ പൂലാടിക്കുന്ന് മുതൽ ഇടിമുഴിക്കൽ വരെയുള്ള 23 കി. മീ. 2 വരിപ്പാതയായി നിർമ്മിച്ചിട്ടുണ്ട്. ശേഷിക്കുന്ന 5.1 കി. മീ. ഉൾപ്പെടെ മൊത്തം നീളത്തിൽ 4 വരിപ്പാതയാക്കലും എൻ.എച്ച്. ഡി.പി. യിൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ. ചെയ്യുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ എൻ.എച്ച്.ഡി.പി. യിൽപ്പെട്ട മറ്റ് ഭാഗങ്ങളിലെ സ്ഥലമെടുപ്പ് വൈകുന്ന

തിനാൽ അടിയന്തരമായി ബൈപ്പാസിന്റെ ശേഷിക്കുന്ന 5.1 കി. മീ. ദൈർഘ്യത്തിന്റെ 2 വരി പ്പാതക്കുള്ള പൂർത്തീകരണം ഏറ്റെടുത്ത് ചെയ്യുവാൻ നിശ്ചയി ക്കുകയും അതിന് കേന്ദ്ര മന്ത്രാല യത്തിന്റെ അനുമതിയും ലഭിച്ചിട്ടു ണ്ട്. 145 കോടിക്കുള്ള ഭരണാനു മതി നൽകുവാനുള്ള നടപടി പരി ഗണനയിലാണ്. ഈ ബൈപ്പാസ് SPEEID കേരളയിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്.

8. <u>തലശ്ശേരി - മാഹി ബൈപ്പാസ്</u>

ദേശീയപാത 17-ൽ മുഴിപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18 കി. മീ. ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. മുഴിപ്പിലങ്ങാട് മുതൽ കൊടിയേരി വരെയുള്ള 9.74 കി. മീറ്ററിലെ സ്ഥലമെടുപ്പും പദ്ധതി പൂർത്തീകരണവും എൻ. എച്ച്.ഡി.പി. യിൽ എൻ.എച്ച്.എ. ഐ. ചെയ്യുവാനാണ് ഉദ്ദേശിച്ചിരു ന്നത്. എന്നാൽ എൻ.എച്ച്.ഡി.പി. യിൽ ഉൾപ്പെട്ട മറ്റു സ്ഥലങ്ങളിലെ സ്ഥലമെടുപ്പ് വൈകുന്നതിനാൽ ഈ പദ്ധതിയുടെ നിർമ്മാണം സ്റ്റാന്റ് എലോൺ പ്രോജക്ടായി ഏറ്റെടുക്കണമെന്ന് കേന്ദ്ര മന്ത്രാ ലയത്തോടഭ്യർത്ഥിച്ച് അംഗീ കാരം പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയും SPEEID കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

9. <u>കണ്ണൂർ ബൈപ്പാസ്</u>

ദേശീയപാത 17-ൽ പാപ്പിനിശ്ശേരി മുതൽ എടയ്ക്കാട് വരെയുള്ള 20.60 കി. മീലാണ് ഈ ബൈപ്പാ സ്. ഈ പദ്ധതി എൻ.എച്ച്.എ.

ഐ.യുടെ എൻ.എച്ച്.ഡി.പി.യിൽ നിർമ്മിക്കുവാൻ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ സ്ഥലമെടുപ്പ് എൻ.എച്ച്.എ.ഐ. മുഖാന്തിരം നടന്നു വരുന്നു.

10. <u>മണ്ണുത്തി – അമലനഗർ ബൈപ്പാസ്, ചൗക്കി – ഒയാത്തടുക്ക വിദ്യാനഗർ ബൈപ്പാസ്</u> എന്നിവ പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം ഏറ്റെടുത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് SPEEID കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

11. <u>തൊടുപുഴ, തിരുവല്ല ബൈപ്പാസുകൾ</u>

കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി എം.സി. റോഡിലെ തിരുവല്ല ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. തൊടുപുഴ ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങള നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം.**

തിരുവനന്തപുരം ബൈപ്പാസ് എൻ.എച്ച്.എ. ഐ., ബി.ഒ.റ്റി. വ്യവസ്ഥയിൽ നടപ്പാക്കുന്നതാണ്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാരും 50% കേന്ദ്രവുമാണ് വഹിക്കുന്നത്. ഈ രണ്ടു ബൈപ്പാസുകളും SPEEID കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തൃപ്പൂണിത്തുറ ബൈപ്പാസ് കേന്ദ്രസർക്കാരിന്റെ വാർഷിക പദ്ധതിയിലോ സ്പെഷ്യൽ പാക്കേജിൽ

ഉൾപ്പെടുത്തിയോ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ ബൈപ്പാസും SPEEID കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് ബൈപ്പാസ് സ്പീഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവ് 100% ഉം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

തലശ്ശേരി മാഹി ബൈപ്പാസ്. കണ്ണൂർ ബൈപ്പാസ് എന്നിവ എൻ.എച്ച്.എ.ഐ., ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ തലശ്ശേരി – മാഹി ബൈപ്പാസ് സ്പീഡ് കേരളയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുക്കുന്ന മണ്ണുത്തി - അമലനഗർ ബൈപ്പാസ്, ചൗക്കി, ഒയാത്തടുക്ക വിദ്യാനഗർ ബൈപ്പാസ് സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ നടത്തുന്നത്. ഇതിന്റെ ചെലവ് 100% ഉം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

കെ.എസ്.ടി.പി. ഏറ്റെടുക്കുന്ന തിരുവല്ല തൊടുപുഴ ബൈപ്പാസുകൾ ലോകബാങ്ക് സഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

**(സി) പ്രസ്തുത നിർമ്മാണത്തിനുള്ള ധനസമാഹരണം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്ന്, വിശദമാക്കുമോ.**

ദേശീയപാതാ അതോറിറ്റി നിർമ്മിക്കുന്ന ബൈപ്പാസുകൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ ടോൾ വ്യവസ്ഥയിലാണ് നടപ്പാക്കുന്നത്.

കൊല്ലം, ആലപ്പുഴ ബൈപ്പാസു കളുടെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാരും 50% കേന്ദ്രവുമാണ് വഹിക്കുന്നത്.

സ്പീഡ് കേരളയിൽ ഉൾപ്പെടു ത്തിയ പദ്ധതികൾ കേരള റോഡ് ഫണ്ട് ബോർഡിന്റെ (കെ.ആർ.എ ഫ്.ബി.) ഫണ്ട് ഉപയോഗിച്ചും സർക്കാർ ഗ്യാരന്റിയുടെ അടി സ്ഥാനത്തിൽ കെ.ആർ.എഫ്.ബി. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പയെ ടുത്തും നടപ്പിലാക്കാനാണ് ഉദ്ദേ ശിക്കുന്നത്. പ്രസ്തുത വായ്പ കൾ തിരിച്ചടയ്ക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിന്റെ സഞ്ചിത നിധി 125 കോടിയിൽ കുറയാതെയും 250 കോടി കവിയാതെയും ലഭ്യമാക്കു ന്നതാണ്. വാഹന നികുതി രംഗത്ത് അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ പ്രൊപ്പോസൽ പ്രകാരമുള്ള തുക യിൽ നിന്നും കേരള റോഡ് ഫണ്ട് ബോർഡിന് അധിക തുക അനുവദിക്കുന്നതാണ്.

കെ.എസ്.ടി.പി. രണ്ട് പദ്ധതി യിൽപ്പെടുത്തിയാണ് തിരുവല്ല, തൊടുപുഴ ബൈപ്പാസുകൾ നിർമ്മിക്കുന്നത്. ഈ പദ്ധതിക്ക് ലോകബാങ്ക് ധനസഹായം നൽകുന്നുണ്ട്.

**(ഡി) നിർമ്മാണപ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ ആരംഭിച്ചി ട്ടുണ്ടോ. വിശദമാക്കുമോ.**

തിരുവനന്തപുരം, കൊല്ലം, ആല പ്പുഴ ബൈപ്പാസുകളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ബൈപ്പാസുക ളുടെ ഫിനാൻഷ്യൽ ബിഡ്സ് 21.01.2014 ൽ തുറക്കുന്നതാണ്. മറ്റുള്ള ബൈപ്പാസുകൾക്ക് ഈ

ണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. കെ.എസ്.ടി.പി. നടപ്പാക്കുന്ന തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തികൾ 31.80 കോടി രൂപയ്ക്ക് M/s.EKK&Co എന്ന കമ്പനിക്ക് കരാർ നൽകിയിരിക്കുകയാണ്. ഇതിന്റെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞു. തൊടുപുഴ ബൈപ്പാസ് ഉൾപ്പെടുന്ന പൊൻകുന്നം - തൊടുപുഴ റോഡിന്റെ കരാർ നൽകുന്നതിനുള്ള ടെണ്ടറിന്റെ സൂക്ഷ്മ പരിശോധന അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ